# ഞാവള്ളിൽ കുടുംബത്തിലെ പ്രേഷിത താരങ്ങൾ

**കെ.കെ. സിറിയക് കാടൻകാവിൽ**

**പ്രസിഡന്റ് - ഞാവള്ളിൽ കുടുംബയോഗം**

**കരൂർ പി.ഒ., പാലാ - 686574**

## ഞാവള്ളിൽ കുടുംബത്തിലെ പ്രേഷിത താരങ്ങൾ

ദീർഘകാലത്തെ ആദ്ധ്യാത്മിക അദ്ധ്യായനത്താലും, പ്രാർത്ഥനാ നിർഭരമായ ധ്യാനാത്മക ജീവിതം കൊണ്ടും ആത്മരക്ഷയ്ക്കായി പ്രവർത്തിക്കുന്നത് ദൈവിക പ്രവർത്തനങ്ങളിൽ ഏറ്റം ദൈവികമായ പ്രവർത്തനമാണെന്ന് മനസ്സിലാക്കി, സമാധാനമായി, സംതൃപ്തിയോടെ തികച്ചും കാർഷിക പശ്ചാത്തലത്തിൽ സുഭിക്ഷമായി കഴിയുന്ന നമ്മുടെ കുടുംബങ്ങളിൽ നിന്ന്, തന്നെയും താനും അറിയാത്ത വിഭിന്നഭാഷകൾ സംസാരിക്കുന്ന, വിഭിന്ന സംസ്കാരത്തിൽ ജീവിക്കുന്ന വിദൂര സംസ്ഥാനങ്ങളിലേയ്ക്കും, ഭൂഖണ്ഡങ്ങളിലേയ്ക്കും കരയും, കടലും താണ്ടിയും ആകാശത്തിൽ കൂടിയും പറന്നു പോയ നമ്മുടെ കുടുംബത്തിന്റെ ധീരപുത്രീപുത്രന്മാരെ എങ്കിലും സാഭിമാനം പ്രാർത്ഥനാപൂർവ്വം ഒന്ന് അനുസ്മരിക്കുന്നത് അത്യാഡംബരപൂർവ്വം നമ്മുടെ കുടുംബയോഗത്തിന്റെ 18-ാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ തികച്ചും സമുചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഞാവള്ളിൽ കുടുംബസ്ഥാപകർ - ചെറിയാൻ കുര്യൻ, അദ്ദേഹത്തിന്റെ സഹധർമ്മിണി കട്ടക്കയത്തിൽ ചാണ്ടി മാപ്പിളയുടെ മകൾ മറിയം - ഇവരുടെ 3-ാമത്തെ മകനായിരുന്നല്ലോ പ്രസിദ്ധനായിരുന്ന ഞാവള്ളിൽ പെ.ബ. ഉതുപ്പ് മല്പാൻ. ഇദ്ദേഹം ളാലം പള്ളിമേടയിൽ സെമിനാരി സ്ഥാപിച്ച് ധാരാളം പേരെ വൈദികരാക്കുകയും, വിഭിന്ന സംസ്കാരങ്ങൾ ഉള്ള വിദേശങ്ങളിലേയ്ക്കും വിദൂരങ്ങളിലേയ്ക്കും കയറ്റി വിടുകയും ചെയ്തിരുന്നു.

## ഞാവള്ളി കുടുംബത്തിന് ഒൻപത് ശാഖകൾ ഉണ്ട്

### I പഴയിടം ശാഖ

റവ. ഫാ. മാത്യു പുരയിടം എം.എസ്.എഫ്.എസ്. നാഗ്പ്പൂർ, നെല്ലൂർ ഈ സെമിനാരികളിൽ പഠിച്ച് 1943 ഡിസംബർ 12 -ന് വൈദിക പട്ടം സ്വീകരിക്കുകയും രാജാറാം, പാവനിപുരം, സാലൂർ, അനന്തപുരം എന്നീ മിഷൻ കേന്ദ്രങ്ങളിൽ സേവനം അനുഷ്ഠിക്കുകയും 2004 മാർച്ച് 24-ാം തീയതി ദിവംഗതനാവുകയും വിശാഖപട്ടണം ജ്ഞാനപുര കത്തീഡ്രലിൽ ആർച്ച് ബിഷപ്പ് മാർ മരിയദാസിന്റെയും, കാകുളം ബിഷപ്പ് മാർ ഇന്നയ്യായുടേയും, ധാരാളം വൈദികരുടേയും, ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ കബറടക്കുകയും ചെയ്തു.

### II പുത്തൻപുരയിൽ ശാഖ

ഞാവള്ളി കുടുംബത്തിന്റെ ആദ്യത്തെ മിഷനറിയായിരുന്നു റവ. സി. ഫബിയോള (ഡയിസി സെബാസ്റ്റ്യൻ) പുത്തൻപുരയിൽ കുര്യൻ തരകന്റെ സന്തതി പരമ്പരയിൽപെട്ട സെബാസ്റ്റ്യൻ - എലിസബത്ത്-മാരുടെ മകൾ ഡെയ്സി ഫബിയോള എം.എസ്.സി. റവ. സി. ഫബിയോള എന്ന പേര് സ്വീകരിച്ച് ഉറസുലിൽ കോൺഗ്രിഗേഷനിൽ ചേർന്ന് പഞ്ചാബിലും, കാൺപൂരിലും, വടക്കേ ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രിൻസിപ്പലായി സേവനം ചെയ്തു കൊണ്ടിരിക്കുന്നു. തന്റെ സഹോദരൻ പി.എസ്. മാണിയുടെ മകൾ സി. ജിജി എസ്.എച്ച്. കോൺവെന്റിൽ ചേർന്ന് മൊസകോട്ടയിൽ (കർണ്ണാടകം) ജോലി ചെയ്യുന്നു.

**റവ. ഫാ. എമ്മാനുവേൽ സി.എം.ഐ.**

പുത്തൻപുരയിൽ മാണി ഫിലിപ്പിന്റെ മകൻ - കരയും, കടലും കടന്ന് ലാറ്റിൻ അമേരിക്കയിൽ - പെറുവിൽ കഴിഞ്ഞ 23 വർഷമായി 24 മണിക്കൂറും പ്രേഷിതനായി - ഭക്തി നിർഭരവും ആത്മാക്കളുടെ രക്ഷമേൽ ശുഷ്കാന്തിയും ഉള്ള ഒരു വൈദികനായി ജീവിതം നയിക്കുന്നു.

അദ്ദേഹത്തിന്റെ സ്വന്തം സോദരി റവ. സി. ആൻ. ഫിലിപ്പ്, Sisters of Charity of Nazarathഎന്ന സന്യാസ സഭയിൽ ചേർന്ന് തൃശിനാപ്പള്ളിയിൽ സേവനം ചെയ്യുന്നു.

## III തെരുവൻകുന്നേൽ ശാഖ

**Mgr. ജോർജ്ജ് തെരുവൻകുന്നേൽ**

വികാർ ജനറൽ പാറ്റ്നാ മിഷൻ, ബീഹാർ - തെരുവൻകുന്നേൽ ദേവസ്യായുടേയും, തീക്കുഴി വയലിൽ പന മറ്റത്തിൽ മറിയാമ്മയുടേയും മകൻ പാറ്റ്നായിൽ ഇപ്പോൾ റിട്ടെയർ ചെയ്ത് വിശ്രമ ജീവിതം നയിക്കുന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ ഫാ. തോമസ് തെരുവംകുന്നേൽ ഇപ്പോൾ തലശ്ശേരി രൂപതയിൽ മണ്ഡലം ഇടവകയിൽ വികാരിയാണ്. കൂടാതെ തെരുവംകുന്നേൽ ശാഖയിൽ 20-ൽ കൂടുതൽ കന്യാസ്ത്രീകളും ധാരാളം വൈദികരും വിവിധ സ്ഥലങ്ങളിൽ കേരളത്തിനകത്തും പുറത്തും ശുശ്രൂഷയിൽ വ്യാപൃതരാണ്.

തെരുവംകുന്നേൽ നിന്ന് മാറി താമസിച്ച ഉപശാഖയാണല്ലോ മംഗലം എന്ന കുടുംബക്കാർ. അവിടെ 10 അച്ചൻമാരും, 15 കന്യാസ്ത്രീകളും ഉണ്ട്. ആദ്യത്തെ അച്ചൻ കരൂർ ഇടവകയിൽ സ്വന്തമായി വൈദിക മന്ദിരം സ്ഥാപിച്ച് അവിടെ മരണം വരെ സഭയ്ക്കും, സമുദായത്തിനും വൈദികനടുത്ത ശുശ്രൂഷയിൽ ഏർപ്പെട്ട് മരണം വരെ ഭക്തിനിർഭരമായ ജീവിതം നയിച്ച് അവിടെത്തന്നെ മരിച്ച റവ.ഫാ. കുര്യാക്കോസ് മംഗലമായിരുന്നു.

Rev. Frs. ദേവസ്യാ മംഗലം, കൽക്കട്ടയിലും, തോമസ് മംഗലം, സെബാസ്റ്റ്യൻ മംഗലം C.M.I. അഗസ്റ്റിൻ മംഗലം, എബ്രാഹം മംഗലം, ജസ്റ്റിൻ മംഗലം തുടങ്ങിയ വൈദികരും, പതിനഞ്ചിൽ കൂടുതൽ കന്യാസ്ത്രീകളും കേരളത്തിനു വെളിയിൽ ജോലി ചെയ്യുന്നവരാണ്. സമൃദ്ധമായി ദൈവവിളികൾ ഉള്ള ഈ തെരുവംകുന്നേൽ മംഗലം ശാഖകളെ ദൈവം പ്രത്യേകം പരിഗണിക്കയും, അനുഗ്രഹിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കണം.

## IV മഞ്ഞക്കുന്നേൽ ശാഖ

പുത്തൻപുരയിൽ കുര്യൻ തരകന്റെ ഒരു മകൻ കുര്യനാണ് മഞ്ഞക്കുന്നേൽ ശാഖയുടെ സ്ഥാപകൻ. ഈ കുടുംബത്തിൽ 8 പ്രഗത്ഭരായ കന്യാസ്ത്രീകൾ ഉണ്ട്. മരിച്ചവരിൽ Rev. Sr. ഫ്ളോറാ, സഭയുടെ മദർ പ്രൊവിൻഷ്യൽ വരെ എത്തിയവളാണ്. അവരുടെ തന്നെ ഒരു ഇളയ സഹോദരി Dr. മരിയ ലൂയിസ് M.D. കോട്ടയം മിണ്ടാമഠത്തിൽ ചേരുകയും ഉത്തരവാദിത്വമുള്ള വിവിധ തലങ്ങളിൽ ശുശ്രൂഷ സമർപ്പിച്ചു കൊണ്ട് പ്രാർത്ഥനാനിരതയായി ജീവിക്കുകയും ചെയ്യുന്നു.

മഞ്ഞക്കുന്നേൽ ശാഖയിൽ തന്നെ ചാഞ്ഞപ്ലാക്കൽ ജോസഫിന്റെ ഒരു മകൾ Rev. Sr. ക്ളോറ്റിൽഡാ ബാംഗ്ലൂർ മിഷനിൽ ജോലിയിൽ ഇരിക്കുന്ന കാലത്ത് ദിവംഗതയായി. അവിടെത്തന്നെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## V തെക്കേൽ ശാഖ

ഞാവള്ളിൽ ചാണ്ടിയുടെ മൂത്തമകൻ കുര്യൻ പുളിങ്കുന്ന് അക്കരക്കളത്തിൽ നിന്ന് വിവാഹിതനായി മുണ്ടുപാലത്തുങ്കൽ തെക്കേൽ ഭവനം സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ സന്തതിപരമ്പരയിൽ ഒരു മിഷനറി വൈദികനും ഒരു മിഷനറി കന്യാസ്ത്രീയുമുണ്ട്.

Rev. Dr. ജോസഫ് തെക്കേൽ :- DOB :- 28.10.1922
DOO:- 21.12.1951
DOD:- 05.09.2007

ബാഗ്ലൂർ സെന്റ് പീറ്റേഴ്സിലും, റോമിലെ പ്രൈപ്പഗാൻഡാ കോളേജിലും ഗ്രിഗ്രോറിയൻ യൂണിവേഴ്സിറ്റിയിലും ആദ്ധ്യാത്മിക അദ്ധ്യായനം നടത്തി വൈദിക ശ്രേഷ്ഠനായി. ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ ആയുസ് മുഴുവൻ ശുശ്രൂഷ ചെയ്ത പുണ്യപുരുഷൻ പാപ്പച്ചൻ എന്ന് വീട്ടുകാർ വിളിക്കുന്ന വെ. റവ.ഫാ. ജോസഫ് തെക്കേൽ 2007-ൽ മരിച്ച് ളാലം സെന്റ് മേരീസ് ദേവാലയത്തിലെ പ്രത്യേക സെമിറ്ററിയിൽ അടക്കം ചെയ്യപ്പെട്ടു.

## VI പനമറ്റത്തിൽ ശാഖ

തെക്കേൽ കുടുംബസ്ഥാപകൻ കുര്യന്റെ ഇളയ സഹോദരൻ ചാക്കോയാണ് പനമറ്റം കുടുംബത്തിന്റെ സ്ഥാപകൻ. ഭാര്യ അരക്കഴ മഠത്തിൽ - ചാലിൽ കുടുംബാംഗം.

Rev. Fr. ജോൺ വിയാനി C.M.I. കാടൻകാവിൽ കരൂർ, പാലാ - പനമറ്റം ശാഖ

DO Birth :- 12.12.1915
DO Ordination:- 1948
DO Death :- 1986

1955-ൽ റായിഗാർ അംബികപ്പൂർ ആദ്യമിഷനറിയായി നിയമിതനായി. പതിനഞ്ചിൽ കൂടുതൽ വർഷം അവിടെ താമസിച്ച് കഠിനാദ്ധ്വാനം ചെയ്ത് ആദിവാസികളെയും, ഗിരിവർഗ്ഗക്കാരെയും സത്യവിശ്വാസ ത്തിലേയ്ക്ക് കൊണ്ടു വരുവാൻ സാധിച്ചു. പിൽക്കാലത്ത് വാർദ്ധവിഷനിലും, ജഗദൽപ്പൂരിലും ശുശ്രൂഷ യിൽ ആയിരുന്ന കാലത്ത് താൻ മാമ്മോദീസ നൽകിയ പല ശിശുക്കളും വളർന്ന് വലുതായി വൈദികരായി കാണുന്നതിന് അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു. വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ ജോൺ വിയാനി പുണ്യവാനെപ്പോലെ തനി സ്വഭാവവും, ആകാരസൗഷ്ഠവവും ഉണ്ടായിരുന്ന ബഹു. വിയാനി അച്ചൻ അദ്ദേഹത്തിന്റെ ആഗ്രഹം പോലെ പാവപ്പെട്ടവരുടെ ഇടയിൽ സുവിശേഷ പ്രഘോഷണം നടത്തുകയും, അവിടെത്തന്നെ മരിച്ച് അദ്ദേഹം വികാരി ആയിരുന്ന കിരണ്ടുൽ ഫൊറോനാപ്പള്ളിയുടെ അടുത്ത് ഗവൺമെന്റിന്റെ ശ്മാശാനത്തിൽ അന്ത്യ വിശ്രമം കൊള്ളുകയും ചെയ്യുന്നു. ജഗദൽപ്പൂർ മെത്രാൻ മാർ പൗളിനോസിന്റെ പ്രധാന കാർമ്മികത്വത്തിൽ ഇപ്പോൾ മെത്രാപ്പോലീത്തയും അന്ന് വികാർ ജനറലും ആയിരുന്ന മാർ ചരണകുന്നേലിന്റെയും, അനേകം വൈദികരുടേയും, അവൈദികരുടേയും സാന്നിദ്ധ്യ ത്തിൽ നടത്തിയ സംസ്ക്കാര ചടങ്ങുകൾ ആ നാട് ഇതുവരെ ദർശിക്കാത്ത ചരിത്ര സംഭവമായിരുന്നു എന്ന് എല്ലാവരും പറയുന്നു. അദ്ദേഹത്തിന്റെ അഞ്ച് സഹോദരിമാരിൽ രണ്ടു പേർ കന്യസ്ത്രീകൾ - അതിൽ ഒരാൾ Sr. ബൊനിഫാസി C.M.I. ഒഴികെ ബാക്കിയുള്ളവരെല്ലാവരും നാലു സഹോദരൻമാരിൽ സിറിയക് (വാവച്ചൻ) ഒഴികെയുള്ളവർ എല്ലാം ഇതിനകം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നമുക്കും നമ്മുടെ പ്രാർത്ഥനകളിൽ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അദ്ദേഹത്തെ സ്മരിക്കാം.

**റവ. സി. ലൂസി, B.Sc, M.H.A., വല്യകൂന്താനം**

B.A. പാസ്സായ ശേഷം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് എന്ന സന്യാസ സമൂഹത്തിൽ ചേർന്ന് 1951-ൽ പ്രഥമ വ്രത വാഗ്ദാനം - പിന്നീട് അമേരിക്കയിൽ സെന്റ് ലൂയീസ് യൂണിവേഴ്സിറ്റിയിൽ 1968 മുതൽ 1971 വരെ പഠിച്ച് M.H.A. (Master of Hospital Administration) ഡിഗ്രി എടുത്ത് പാറ്റ്നായിലും, റാഞ്ചിയിലും ഉള്ള ഹോളി ഫാമിലി ഹോസ്പിറ്റലുകളിൽ അഡ്മിനിസ്ട്രേറ്ററായി ജോലി നോക്കി. 2002-ൽ റിട്ടെയർ ചെയ്യുകയും, അന്ത്യകാലം കോട്ടയത്തുള്ള മെഡിക്കൽ മിഷൻ മഠത്തിൽ മരണം വരെ ജീവിക്കുകയും കോട്ടയത്തുള്ള സിമിറ്ററിയിൽ ആഘോഷമായി സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

**റവ.സി. മേരി അഗനല്ല CSST, B.A., Bed.**

റവ. സി. ലൂസിയുടെ ഇളയ സോദരി - വിദ്യാഭ്യാസത്തിനുശേഷം എറണാകുളം സെന്റ് തെരേസാ കോൺവെന്റിൽ ചേരുകയും, മൈസൂരിലും അടുത്തുള്ള പല സ്ഥലങ്ങളിലും ഉള്ള Higher Secondary സ്കൂളു കളിൽ പ്രിൻസിപ്പലായി സേവനം ചെയ്യുകയും, വാർദ്ധക്യത്തിൽ മൈസൂരിലുള്ള വില്ല സെന്റ് ജോസഫ്സിൽ വിശ്രമജീവിതം നയിക്കുകയും, 10-08-2004-ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തു.

**റവ. ഫാ. അലക്സ് ജോസഫ് വല്യകൂന്താനം**

വല്യകൂന്താനത്ത് വർക്കി ചാണ്ടിയുടെ കൊച്ചുമകൻ, ചാണ്ടി ജോസഫിന്റെ മകനായി അലക്സ് ജോസഫ് 1953 ഒക്ടോബർ 15-ാം തിയതി ജനിച്ചു. 1977-ൽ റോമിലുള്ള പൊന്തഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് സെന്റ് തോമസ് അക്വിനാസിൽ വൈദിക പഠനം പൂർത്തിയാക്കി. 1990-ൽ വൈദികനായി സെന്റ് ഫാദേഴ്സ് എന്ന സന്യാസ സമൂഹത്തിൽ അംഗമായ അദ്ദേഹം റോമാ രൂപതയിൽ വിവിധ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 2008-ൽ ബന്ധപ്പെട്ട കർദ്ദിനാളിൽ നിന്നും പ്രത്യേക അനുവാദം വാങ്ങി മദ്ധ്യപ്രദേശത്തുള്ള ഇൻഡോർ രൂപതയിൽ മിഷനറിയായി ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്നു.

**Rev. അലക്സ്**

വല്യകൂന്താനത്ത് ചാണ്ടി ജംയിസിന്റെയും, കട്ടക്കയം കുഞ്ഞാമ്മയുടേയും മകൻ - അരുണാചൽ പ്രദേശിലുള്ള സെന്റ് ഫ്രാൻസിസ് അസീസി സ്കൂളിന്റെ ഡയറക്ടർ - ഇപ്പോൾ സെമിനാരിയിൽ ചേർന്ന് വൈദികനാകാൻ പഠിച്ചുകൊണ്ടിരിക്കുന്നു. ദിവ്യനാഥൻ അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചു കൊടു ക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

**റവ. ഡോക്ടർ തോമസ് കാടംകാവിൽ C.M.I.**

കാടൻകാവിൽ ചാക്കോയുടേയും കുടക്കച്ചിറ മാമ്മിയുടേയും ഇളയ പുത്രൻ, റോമിലുള്ള ഗ്രിഗോറിയൻ, ന്യൂയോർക്കിലുള്ള ഫോർഡ്ഡാം എന്നീ യൂണിവേഴ്സിറ്റികളിൽ നിന്ന് തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റുകൾ നേടി. 30 വർഷത്തിലേറെ ബാംഗ്ലൂർ ധർമ്മാരാം കോളേജിന്റെ ഡയറക്ടറായും ധർമ്മാരാം വിദ്യാ ക്ഷേത്രത്തിന്റെ പ്രസിഡന്റായും, അദ്ധ്യാപകനായും ഇരുന്നിരുന്നു. വാർദ്ധായിലുള്ള ദർശനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി, ബാഗ്ലൂർ ക്രിസ്തുജയന്തി കോളേജ് തുടങ്ങിയവയുടെ

ആരംഭകനുമാണ്. ഡോക്ടറേറ്റിനുള്ള രണ്ട് പ്രബന്ധങ്ങൾ കൂടാതെ ഇംഗ്ലീഷിലും, മലയാളത്തിലുമായി ഒരു ഡസനിലേറെ ആദ്ധ്യാത്മിക, ശാസ്ത്ര സംബന്ധമായ പുസ്തകങ്ങളും, അനേകം ഗവേഷണ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 6-7 വർഷമായി ഞാവള്ളിൽ കുടുംബയോഗത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട രക്ഷാധികാരിയാണ്. ഞാവള്ളിൽ കുടുംബചരിത്രത്തിന്റെ നിർമ്മാണത്തിന് കാര്യക്ഷമമായ നേതൃത്വം നൽകിയ അച്ചൻ ഞാവള്ളിൽ കുടുംബയോഗക്കാരുടെ കണ്ണിലുണ്ണിയാണെന്നു പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിപരമല്ലെന്ന് പറയട്ടെ. അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ഈ മാസം 18-ാം തീയതി പാലാ ആശ്രമത്തിൽ ആഘോഷിച്ചു.

**റവ. സി. അർപ്പിത**

വല്യകൂന്താനത്ത് ധേബാർ എന്ന മാതൃകാ കർഷകന്റെ സഹോദരി അർപ്പിത, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി S.C.C.G. എന്ന സന്യാസ സമൂഹത്തിൽ അംഗമാണ്. ടൈനി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന അവർ ഷില്ലോംഗിൽ പ്ലസ്ടു സ്കൂളിന്റെ പ്രിൻസിപ്പലാണ്. ധാരാളം ഉയരങ്ങളിൽ എത്തി നാടിനും, വീടിനും അഭിമാനമായി സർവ്വോപരി ദൈവതിരുമുമ്പിൽ വിലപ്പെട്ടവളായി തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**റവ. സി. ബീനാ ജോർജ്ജ്**

പനമറ്റത്തിൽ വർക്കിയുടേയും, പാലാ കട്ടക്കയം ത്രേസ്യായുടേയും മകൾ - ഉർസുലിൽ കോൺവെന്റ് മരിയാപുരം ഹോസ്പിറ്റൽ ശാസ്ത്രിനഗർ, കോൺപൂർ (U.P.) തുടങ്ങിയ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നു.

**റവ. സി. സാരൂപ്യ (അന്നമ്മ)**

ആന്ധ്രാ പ്രദേശ് മിഷനിൽ ജോലി ചെയ്യുന്നു. പനമറ്റം കുടുംബാംഗം.

**കോട്ടവാതുക്കൽ - പനമറ്റം ശാഖ**

**റവ. സി. മേരിക്കുട്ടി (മേരി) കോട്ടവാതുക്കൽ**

അഡ്വക്കേറ്റ് കെ. സി. ചാണ്ടിയുടേയും, വയലിൽ കളപ്പുര അച്ചാമ്മയുടേയും മകൾ - സെന്റ് തെരേസ് കോളേജിൽ (EKM) പഠിച്ച് B.A. യും M.A. യും പാസ്സായ ശേഷം Daughters of the heart of Mary എന്ന സന്യാസ സഭയിൽ ചേർന്ന് 1977-ൽ പാരീസിൽ (ഫ്രാൻസ്) നിത്യവ്രതം അനുഷ്ഠിച്ചു. എറണാകുളം, മുംബൈ, വഡോദര, പാരീസ്, ഡൽഹി, വട്ടമൺ ഈ സ്ഥലങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ അഹമ്മദാബാദിലും ഇന്ത്യയിൽ ഇതര സ്ഥലങ്ങളിലും നല്ല വിശ്വാസ ചൈതന്യത്തോടെ ശുശ്രൂഷയിൽ വ്യാപൃതയാണ്. ദൈവം ഏലിക്കുട്ടിയുടെ പരിശ്രമങ്ങൾ ഫലമണിയുവാൻ അനുഗ്രഹിക്കട്ടെ.

## VII വിലങ്ങുപാറ ശാഖ

**റവ. സി. ജയിൻ ഫ്രാൻസീസ് (ഏലിക്കുട്ടി)**

വിലങ്ങുപാറ ശാഖയിലെ ആദ്യത്തെ കന്യാസ്ത്രീ -1950- ൽ രാമപുരത്ത് C.M.C. സഭയിൽ സന്യസ്ത യായി. 2002-ൽ രാമപുരത്ത് നടത്തിയ സുവർണ്ണ ജൂബിലിയിൽ ഒരിക്കലും "No" പറയാത്ത കന്യാസ്ത്രീ എന്ന് അനുമോദനം പറഞ്ഞ് വൈദികരും, അവൈദികരും ഒരുപോലെ പ്രശംസിച്ചു. ഉജ്ജൈൻ, ജഗദൽപ്പൂർ, ആന്ധ്രാ, ഏലൂർ എന്നീ മിഷൻ കേന്ദ്രങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. ഏലിക്കുട്ടി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്നു സിസ്റ്റർ എന്റെ സഹപാഠിയാണ്. വിലങ്ങുപാറ മാത്യു, മുണ്ടാങ്കൽ അന്ന എന്നിവരുടെ മകളായ ഏലിക്കുട്ടിയുമായി ഈ വാർദ്ധക്യത്തിലും രക്തബന്ധത്തിൽ അധിഷ്ഠിതമായ സ്നേഹബന്ധം പുലർത്തി വളരെ അടുപ്പത്തിൽ കഴിയുന്നു.

വിലങ്ങുപാറ ശാഖയുടെ ഉപശാഖയായ ഞെഴുകും കാട്ടിൽ ഔതയുടെ ഇളയ മകൾ അച്ചാമ്മ സി. ആൽസലം എന്ന പേര് സ്വീകരിച്ച് M.P. യിൽ മണ്ഡല എന്ന സ്ഥലത്ത് നിർമ്മല എന്ന കോൺവെന്റിൽ ചേർന്ന് ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്നു.

റവ. ഡോക്ടർ മാത്യു (കുഞ്ഞുമോൻ) ഞെഴുകും കാട്ടിൽ കുര്യന്റെയും, തീക്കുഴി വയലിൽ (പനമറ്റത്തിൽ) മറിയക്കുട്ടിയുടേയും മകൻ റോമിൽ പഠിച്ച് വൈദികനായി ഇപ്പോൾ ഹോളണ്ടിൽ ശുശ്രൂഷ ചെയ്യുന്നു. കുടുംബയോഗത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം സംബന്ധിച്ചിരുന്നു.

Rev. Sr. ലിയോബ (തങ്കമ്മ) പനമറ്റംപറമ്പിൽ I.B.M.V. സഭയിൽ ചേർന്ന് അലഹബാദ്, പാറ്റ്ന, കാൺപൂർ, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ധ്യാപികയായി സേവനം ചെയ്തിട്ടുണ്ട്.

**റവ. ഫാ. സക്കറിയാസ് പനമറ്റം പറമ്പിൽ**

വർക്കി പനമറ്റം പറമ്പിൽ - അക്കമ്മ കിഴക്കേക്കര ഇവരുടെ മകൻ ആസ്സാമിൽ 25 വർഷത്തോളം ശുശ്രൂഷ ചെയ്ത് 1985-ൽ അമ്പതാമത്തെ വയസ്സിൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു.

**റവ. ഫാ. ജോസ് പനമറ്റം പറമ്പിൽ**

ചാണ്ടിക്കുഞ്ഞ് - ത്രേസ്യാ മകൻ - പാറ്റ്നാ ഇടവകയിൽ കഴിഞ്ഞ 18-ൽപരം വർഷമായി ശുശ്രൂഷ ചെയ്യുന്നു.

**റവ. സി. ഹേമ (ആനീസ്) കൂന്താനം B.Sc, B.Ed.**

1972 -ൽ Daughters of St. Thomas മിഷനിൽ ചേർന്ന് ബിജിനോർ രൂപതയിൽ സ്കൂളിൽ പഠിപ്പിക്കുന്നു.

## VIII പുത്തൻപുരയ്ക്കൽ ശാഖ

**റവ. ഫാ. ജോസ് ഷാജി S.D.B. കൂന്താനം**

DOB :- 30.01.1962

D.O.Ordination :- 27-05-1992

ഇപ്പോൾ അമേരിക്കയിൽ സാൻഫ്രാൻസിസ്ക്കോയിൽ ജോലി ചെയ്യുന്നു.

**റവ. ഫാ. റോബിൻ മാർട്ടിൻ S.J.**

J. തോമസ് കയത്തുങ്കരയുടേയും, വാഴചാരിക്കൽ ത്രേസ്യാമ്മയുടേയും മകൻ - ഇപ്പോൾ ബാംഗ്ലൂരിൽ ശുശ്രൂഷ ചെയ്യുന്നു.

**റവ. ഫാ. ജോസഫ് കുര്യാക്കോസ് S.J.**

Ordination :- 18-03-1959

Principal Layola College Madras - 1970 - 1983

മദ്രാസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം തമിഴ്നാട് പ്രൈവറ്റ് മാനേജേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, ഭാരതത്തിലെ ക്രിസ്ത്യൻ ഉന്നത വിദ്യാഭ്യാസ സമിതിയായ അയാഷെയുടെ നാഷണൽ പ്രസിഡന്റ്, പുരസ്കാർ for the best Principal from the Tamilnadu Government, 1988 മുതൽ 1993 വരെ ആന്ധ്രാലയോള കോളേജിന്റെ പരീക്ഷാ കൺട്രോളർ, സർക്കാരിന്റെ പ്രത്യേകാനുമതിയോടെ തന്റെ 66-ാം വയസ്സിലും 2 വർഷക്കാലം ആന്ധ്രാ ലയോള കോളേജിന്റെ പ്രിൻസിപ്പലായും ജോലി ചെയ്തു. 1995 ജൂലൈ 11 ന് ഹൈദ്രാബാദിൽ വച്ച് ആകസ്മികമായി ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് അച്ചൻ ദിവംഗതനായി. ദൈവ കരങ്ങളിൽ അദ്ദേഹം സുരക്ഷിതനാണെന്നുള്ള വിശ്വാസത്തിൽ നമുക്ക് അദ്ദേഹത്തെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

## IX തറവാട് ശാഖ

**റവ. ഫാ. ജോർജ്ജ് ഞാവള്ളിൽ,**

വിജയവാഡാ വിൻസെൻഷ്യൻ സഭയിൽ ചേർന്ന് 2007 ഡിസംബറിൽ പുത്തൻകുർബാന അർപ്പിച്ചു. ഇപ്പോൾ വിജയവാഡായിൽ വൈദികനടുത്ത ശുശ്രൂഷയിൽ വ്യാപൃതനാണ്. ദൈവകരങ്ങളിൽ അദ്ദേഹത്തെ നമുക്ക് സമർപ്പിക്കാം.

കേരളത്തിനകത്ത് ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരും, ഇരുന്നവരുമായ ധാരാളം വൈദികരും കന്യാസ്ത്രീകളും ഉണ്ട്. സ്ഥലപരിമിതി ഉള്ളതിനാൽ അവരെ അടുത്ത സന്ദർഭത്തിൽ അനുസ്മരിച്ചു കൊള്ളാം.

**വെരി. റവ. ഫാ. അലക്സാണ്ടർ ഞാവള്ളിൽ ചേനക്കാലായിൽ**

എല്ലാവരാലും സ്നേഹിക്കപ്പെടുകയും, എല്ലാവരേയും ഹൃദയപൂർവ്വം സ്നേഹിക്കുകയും ചെയ്തിരുന്നു. വ്യക്തിപരമായി എന്റെ ജീവിതത്തിലേയ്ക്ക് ആദ്യം കടന്നു വരികയും, എന്റെ വിവാഹം ആലോചിച്ച് ഉറപ്പിച്ച് Bless ചെയ്ത് തരുന്നതിൽ പോലും ഏറ്റവും അധികം ഉത്സാഹിക്കുകയും, ചെയ്തിരുന്ന സ്നേഹസമ്പന്നൻ ആയിരുന്നു. ധാരാളം പേരെ മിഷൻ രംഗത്തേക്ക് പ്രോത്സാഹിപ്പിച്ച് അയച്ച പുണ്യ പുരുഷൻ - ഞാവള്ളി കുടുംബത്തിന്റെ ആദർശധാമം - അഭിമാനസ്തംഭം - 1959-ൽ കേവലം 64-ാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കൃതജ്ഞതയുടേയും പ്രാർത്ഥനയുടേയും പൂച്ചെണ്ടുകൾ സമർപ്പിച്ചുകൊണ്ട് ഈ കുറിപ്പ് തത്ക്കാലം അവസാനിപ്പിക്കട്ടെ.